# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഓഗസ്റ്റ് 3 | ദീപം 56 | നാളം 22 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org







# കേരളത്തെ രക്ഷിക്കാൻ ഇനി ആരു വരും?


അഡ്വ. വി.സി. സെബാസ്റ്റ്യൻ


മാറിമാറി കേരളം ഭരിച്ച ഭരണസംവിധാനങ്ങളുടെ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും രാഷ്ട്രീയാതിപ്രസരവുംമൂലം തകർന്നടിഞ്ഞ സമ്പദ്‌വ്യവസ്ഥയുടെ മുകളിൽ കയറിനിന്ന് വികസനത്തിന്റെ വീരവാദം മുഴക്കുന്നവർക്കുനേരേ വിരൽ ചൂണ്ടാതെ നിവൃത്തിയില്ല. ദൈവത്തിന്റെ സ്വന്തംനാടിന്റെ നാശത്തിലേക്കുള്ള വഴികളിൽ മനംനൊന്ത് ആത്മാഭിമാനം മാത്രമല്ല, ജീവിതംപോലും പ്രതിസന്ധിയിലാകുന്ന ജനങ്ങളുടെ ദുരവസ്ഥ നേർക്കാഴ്ചയാകുന്നു. രാഷ്ട്രീയനേതൃത്വങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സംരക്ഷണകവചമൊരുക്കുന്നതിനും സുഖലോലുപതയ്ക്കുംവേണ്ടി ഒരു ജനസമൂഹത്തെയൊന്നാകെ നടുക്കടലിലേക്കു തള്ളിവിടുന്ന അധികാരധാർഷ്ട്യം എത്രനാൾ നാം സഹിക്കണം? കേരളസമൂഹത്തിന്റെ ഭാവിക്കുമേൽ കരിനിഴൽ വീഴ്ത്തുന്ന ഭരണവീഴ്ചകളിലെ സത്യങ്ങളും വസ്തുതകളുമെന്ത്?

### കടമെടുത്തു കഴിയുന്നവർ

ഒരാവശ്യത്തിന് കടമെടുക്കുക പുത്തരിയല്ല. ലഭിക്കുന്ന വരുമാനം നിത്യച്ചെലവിനു തികയാതെ വരുമ്പോൾ താത്കാലികനിലനില്പിനായി വ്യക്തികളും സ്ഥാപനങ്ങളും സർക്കാരുകളും ലഭ്യമാകുന്ന ഉറവിടങ്ങളിൽ ധനസഹായം അഭ്യർഥിക്കുകയും നിശ്ചിതശതമാനം പലിശയ്ക്ക് തിരിച്ചടവുവ്യവസ്ഥകളോടെ കടമെടുക്കുകയും ചെയ്യുന്നത് നാട്ടുനടപ്പിന്റെ ഭാഗമാണ്. എന്നാൽ, കടമെടുക്കാൻപോലും സാധിക്കാത്ത അഥവാ ലഭ്യമല്ലാത്ത തകർന്നടിഞ്ഞ സമ്പദ്‌വ്യവസ്ഥയിൽ നാമെന്തു ചെയ്യും? വികസനം മുരടിക്കുന്നതിലുമുപരി ഉദ്യോഗസ്ഥർക്കും രാഷ്ട്രീയജനപ്രതിനിധികൾക്കും ശമ്പളം നല്കാൻപോലും സാധിക്കാത്ത ദയനീയാവസ്ഥ നേരിടുമ്പോൾ അതിജീവനത്തിനുവേണ്ടി അധികാരികൾ മുണ്ടുമുറുക്കിയുടുക്കാൻ ശ്രമിക്കാതെ കടംവാങ്ങി ധൂർത്തുനടത്തുന്ന ഭരണപരാജയത്തിന്റെ ഇരകളാകുകയാണ് ഈ നാട്ടിലെ സാധാരണജനത.

ക്ഷേമപെൻഷനുകൾ മുടങ്ങി. പണം ആവശ്യപ്പെട്ടുള്ള വിവിധ വകുപ്പുകളുടെ ഫയലുകൾ അലമാരകളിലിരുന്നു ചിതലരിക്കുന്നു. ട്രഷറി നിയന്ത്രണങ്ങൾ, താറുമാറായ വിവിധ പദ്ധതികൾ, ഇനി ശമ്പളവും മുടങ്ങുന്ന സ്ഥിതിവിശേഷം. വികസനങ്ങളാകട്ടെ കടലാസുകളിലും കമ്പ്യൂട്ടറുകളിലും. മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും ജനങ്ങളെ വിഡ്ഢികളാക്കി വാചകക്കസർത്തിനും ന്യായീകരണത്തിനുമപ്പുറം നടപ്പിലാകാത്ത പദ്ധതികൾ ഒട്ടനവധി. എന്നിട്ടും വേണ്ടത്ര ഗൗരവത്തോടെ പ്രശ്നങ്ങളെ സമീപിക്കാനും സാമ്പത്തികനിയന്ത്രണങ്ങളിലൂടെ നാടിനെ ചേർത്തു നിറുത്താനുമുള്ള ശ്രമങ്ങൾ ശുഷ്കം.

വരുമാനവഴികളിലെ ചോർച്ചകൾ കണ്ടെത്താനോ പുതിയ വരുമാനമാർഗങ്ങൾ തെളിക്കുവാനോ സാധിക്കാത്ത ഭരണനിഷ്ക്രിയത്വം നാമിന്ന് അഭിമുഖീകരിക്കുന്നു. ഓവർഡ്രാഫ്റ്റിലൂടെ നിത്യച്ചെലവു നടത്തുന്ന ഗതികെട്ട അവസ്ഥ സംസ്ഥാനത്തിന്റെ അഭിമാനംപോലും പണയപ്പെടുത്തുന്നു. ജൂലൈമാസത്തിൽത്തന്നെ വീണ്ടും 2000 കോടി രൂപ കടമെടുത്ത് ഓവർഡ്രാഫ്റ്റ് അതിജീവിക്കാനാണ് ശ്രമം. ഈ കടമെടുപ്പാകട്ടെ ജനങ്ങളെ നന്നാക്കാനോ വികസനപ്രവർത്തനങ്ങൾക്കോ അല്ല, ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ശമ്പളം കൊടുക്കാൻ മാത്രം.

### ഭരണം ശമ്പളം നല്കാൻ മാത്രമോ?

ഓണക്കാലത്ത് ഉദ്യോഗസ്ഥർക്കു ബോണസും ശമ്പളവും കൊടുക്കാൻവേണ്ടി കേരളംപോലും തീറെഴുതാൻ സർക്കാരിനു മടിയില്ല. അതേസമയം, കേരളത്തിന്റെ കാർഷികസമ്പദ്ഘടനയുടെ നട്ടെല്ലായ നെൽകർഷകരിൽനിന്ന് കഴിഞ്ഞവർഷം വാങ്ങി അരിയാക്കി വിപണിയിലെത്തിച്ചു വിറ്റതും ജനങ്ങൾ വാങ്ങി ഭക്ഷിച്ചതുമായ നെല്ലിന്റെ പണംപോലും കർഷകർക്ക് ഇതുവരെയും ലഭിച്ചിട്ടില്ല. തേങ്ങാസംഭരണവും നിലച്ചു. റബറിന്റെ വിലത്തകർച്ചയിൽ സംസ്ഥാനസർക്കാർ പ്രഖ്യാപിച്ച വിലസ്ഥിരതാപദ്ധതിയും മുടങ്ങി. കാർഷികവിലത്തകർച്ചയിൽ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനതയും വഴിമുട്ടിനിൽക്കുന്ന ദയനീയത കാണാനോ സഹായമേകാനോ സർക്കാരിനാകുന്നില്ല. പ്രവാസികളുടെ പണംകൊണ്ടു ജീവിക്കുന്ന സംസ്ഥാനത്തിന് ആ വാതിലും ഭാവിയിൽ അടയുന്ന സ്ഥിതിവിശേഷം. ജന്മം നല്കിയ നാടിനെ നശിച്ച നാടെന്നു വിളിച്ചുപറഞ്ഞു നാടുവിട്ടോടുന്ന യുവത്വം. ഭാവിയിൽ സംസ്ഥാനത്തിന്റെ സാമൂഹികസാമ്പത്തിക വ്യവസ്ഥയിൽ സൃഷ്ടിക്കുന്ന തകർച്ചയുടെ ആഴവും ഭീകരതയും മുൻകൂട്ടി മനസ്സിലാക്കാൻ ദീർഘവീക്ഷണമില്ലാത്ത ഭരണകർത്താക്കൾക്കാകുന്നില്ല. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം സൃഷ്ടിക്കുന്ന പ്രതിസന്ധി സാധാരണജനജീവിതത്തെ സാരമായി ബാധിച്ചിട്ടും സർക്കാർ ഇടപെടാതെ ഒളിച്ചോടുന്നു. ന്യായവിലയ്ക്കു ഭക്ഷ്യസാധനങ്ങൾ ജനങ്ങൾക്കു നല്കാൻ ഉത്തരവാദിത്വപ്പെട്ട സപ്ലൈക്കോ കടക്കെണിയിലും കെടുകാര്യസ്ഥതയിലും മുങ്ങിത്താഴുക മാത്രമല്ല വൻ ബാധ്യതയ്ക്കു നടുവിലുമാണ്. ഇതെങ്ങനെയെന്ന ചോദ്യം ഉദ്യോഗസ്ഥത്തട്ടിപ്പിന്റെ മറുപുറത്തിലേക്കു വിരൽചൂണ്ടും. 549 കോടി രൂപ സപ്ലൈക്കോ വിതരണക്കാർക്കു കൊടുക്കാനുണ്ടെന്നാണു കണക്കുകൾ. അങ്ങനെയെങ്കിൽ വിറ്റ സാധനങ്ങളുടെ പണം എവിടെപ്പോയി എന്ന ചോദ്യം സ്വാഭാവികമാണ്. പക്ഷേ, അതിനും സർക്കാരിന് ഉത്തരമില്ല.

### ഭരിക്കുന്നതു രോഗികളോ?

രണ്ടാം പിണറായി സർക്കാർ അധികാരത്തിലേറിയിട്ടു രണ്ടുവർഷവും രണ്ടുമാസവും ഇതിനോടകം പിന്നിട്ടു. മന്ത്രിമാരുടെമാത്രം ചികിത്സാച്ചെലവുകളുടെ കണക്കുകൾ കേട്ടാൽ ജനം ഞെട്ടും. എംഎൽഎമാരുൾപ്പെടെ മറ്റു ജനപ്രതിനിധികളുടെ വേറെ. മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷങ്ങൾക്കുമുമ്പു ലഭിച്ച കണക്കുകൾപ്രകാരം രണ്ടുവർഷത്തിനിടയിൽ മുഖ്യമന്ത്രിയുടെ ചികിത്സാച്ചെലവ് 31.76 ലക്ഷം രൂപ. മന്ത്രിമാരായ കൃഷ്ണൻകുട്ടി 31.31 ലക്ഷം രൂപ, ദേവർകോവിൽ 4,04,020, ആന്റണി രാജു 3,99,492, ശിവൻകുട്ടി 8,85,497, ആർ ബിന്ദു 93,378, ശശീന്ദ്രൻ 2,44,865 ഇങ്ങനെ പോകുന്നു ചികിത്സാച്ചെലവുകണക്കുകൾ. നാടു ഭരിക്കുന്നവർ ലക്ഷങ്ങൾ മുടക്കി ചികിത്സിക്കേണ്ട രോഗികളാണല്ലോ എന്നോർത്തു ദുഃഖം തോന്നുന്നു. നികുതിയും ജിഎസ്ടിയും മാത്രമല്ല മദ്യമൊഴുക്കിയും ലോട്ടറിവിറ്റും സാധാരണക്കാരനെ ചൂതുകളിപ്പിച്ചും ഖജനാവിലെത്തുന്ന പണം രോഗത്തിന്റെ പേരിൽ വീതംവച്ചെടുക്കുന്ന ഇത്തരം തട്ടിപ്പുകൾ അവസാനിപ്പിക്കാൻ ആർക്കുസാധിക്കും? ലോകത്തിലെ ഏറ്റവും മികച്ച ആരോഗ്യസംവിധാനമാണു കേരളത്തിലേതെന്ന് അവകാശവാദമുന്നയിക്കുന്നവർ, ചികിത്സയ്ക്കായി വിദേശത്തേക്കു വണ്ടികയറുന്നു. നേതൃത്വങ്ങളുടെ ഇത്തരം കാപട്യം തിരിച്ചറിയാൻ പൊതുസമൂഹത്തിന് ഇനിയുമാകുന്നില്ല.

### കേന്ദ്രത്തിനെ പഴിചാരി എത്രനാൾ?

എന്തിനും ഏതിനും കേന്ദ്രസർക്കാരിനെ പഴിചാരി ഉത്തരവാദിത്വങ്ങളിൽനിന്നും ഭരണപരാജയങ്ങളിൽനിന്നും ഒളിച്ചോടുന്ന ഇടതുപക്ഷതന്ത്രത്തിനു പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. പണം തരണം, അരി തരണം, പണി തരണം തുടങ്ങി മുദ്രാവാക്യങ്ങളുതിർത്തു മുഷ്ടിചുരുട്ടി തെരുവിലിറങ്ങുമ്പോൾ ഓർമിക്കേണ്ടതു സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം മാറിമാറി അധികാരത്തിലെത്തിയവർ ഈ നാടിനെ എവിടെ ചെന്നെത്തിച്ചുവെന്നതാണ്.


▶ 8

# അലയടങ്ങാതെ സ്നേഹസാഗരം



ഡിജോ കാപ്പൻ


ഒരു ക്രിസ്ത്യാനി എങ്ങനെയായിരിക്കണമെന്നു ക്രിസ്തു ആഗ്രഹിച്ചുവോ അതു സ്വജീവിതത്തിൽ പകർത്തിക്കാണിച്ച ഒരു അമൂല്യവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു, ജനസഹസ്രങ്ങളുടെ ആദരമേറ്റുവാങ്ങി നമ്മെ കടന്നുപോയ ശ്രീ. ഉമ്മൻചാണ്ടി.

ആയിരക്കണക്കിനു പുരോഹിതരുടെ സാന്നിധ്യത്തിലും അതിനേക്കാളുപരി വിവിധ ക്രൈസ്തവസഭാസമൂഹങ്ങളിലെ അത്യുന്നതരായ പുരോഹിതശ്രേഷ്ഠന്മാരുടെ ആശീർവാദത്തോടെയും ആ മൃതശരീരം സംസ്കരിക്കപ്പെട്ടു എന്നത് അദ്ദേഹം ചെയ്ത സൽപ്രവൃത്തികളിൽ സംപ്രീതനായ സ്വർഗപിതാവ് നല്കിയ അനുഗ്രഹമാണ് എന്നു ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

ആരോടും പരിഭവമില്ലാതെ ജനക്കൂട്ടത്തെ തനിച്ചാക്കി ഉമ്മൻചാണ്ടി വിടചൊല്ലി. മരണവാർത്ത പുറത്തുവന്നതുമുതൽ കേരളം ഉമ്മൻചാണ്ടിയിലേക്ക് ഒഴുകുകയായിരുന്നു. പലരുടെയും വാക്കുകൾ പാതിയിൽ മുറിഞ്ഞു. വിക്കില്ലാത്തവർപോലും വിക്കിപ്പോയി. തന്നെ സമീപിക്കുന്ന ഓരോ സഹായാർഥിയുടെയും ആവശ്യം തന്റെതന്നെ ആവശ്യമായിക്കണ്ടാണ് അദ്ദേഹം നിലപാടുകൾ സ്വീകരിച്ചിരുന്നത്. ജാതിയോ മതമോ രാഷ്ട്രീയമോ ഒന്നും മുഖവിലയ്ക്കെടുക്കാതെ എല്ലാവരെയും തുല്യമായി കണ്ട അതിശ്രേഷ്ഠ നിലപാടായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. സമ്പന്നരുടെ മനസ്സ് ദരിദ്രരിലേക്കും രോഗികളിലേക്കും അംഗവൈകല്യമുള്ളവരിലേക്കും വിധവകളിലേക്കും അശരണരിലേക്കും തിരിച്ചുവിടാൻ അദ്ദേഹത്തിനു കഴിഞ്ഞു.

കമ്യൂണിസ്റ്റുപ്രസ്ഥാനത്തിന്റെ പ്രതിനിധിയായിരുന്ന മുൻ എം.എൽ.എ. കെ.സി. കുഞ്ഞിരാമന്റെ മാരകരോഗാവസ്ഥയിൽ ഏറ്റവും നല്ല ചികിത്സ വെല്ലൂർ ആശുപത്രിയിൽ ലഭിക്കാൻ ഉമ്മൻചാണ്ടിയെടുത്ത പരിശ്രമവും ഒപ്പം അദ്ദേഹത്തിന്റെ രോഗാവസ്ഥ നിരന്തരം അന്വേഷിച്ചുകൊണ്ടിരുന്നതും മാതൃകാപരമാണ്.

കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക് പക്ഷാഘാതം വന്നപ്പോൾ ആ കലാകാരന്റെ



ജീവിതം കേരളത്തിന് ഏറ്റവും വിലപ്പെട്ടതാണെന്ന് ആദ്യം തിരിച്ചറിഞ്ഞത് ഉമ്മൻചാണ്ടിയായിരുന്നു. വെല്ലൂരിൽ ചികിത്സയ്ക്കുവേണ്ട സാമ്പത്തികസഹായം ഉൾപ്പെടെ എല്ലാക്കാര്യങ്ങളും കണ്ടറിഞ്ഞു ചെയ്തതും മറ്റാരുമായിരുന്നില്ല.

എഴുത്തുകാരിയും സജീവ ഇടതുപക്ഷസാംസ്കാരികപ്രവർത്തികയുമായ കണ്ണൂർകാരി സുശീലാ വേലായുധന്റെ ഭർത്താവ് പെട്ടെന്നു മരണപ്പെടുന്നു. മക്കൾക്കു ജോലിയോ വരുമാനമോ ഇല്ല. ഇതിനിടയിൽ മകന്റെ കേൾവി നഷ്ടപ്പെടുന്നു. ഓപ്പറേഷനു കൈയിലുള്ള പണം കൂടാതെ രണ്ടു ലക്ഷം രൂപയുടെ കുറവും. സുശീലയോട് ആരോ പറഞ്ഞു, ഉമ്മൻചാണ്ടിയെ ഒന്നു വിളിച്ചുനോക്കാൻ. ഒരിക്കൽപ്പോലും നേരിൽ കണ്ടിട്ടില്ലാത്ത അദ്ദേഹത്തെ ഫോണിൽ വിളിക്കുന്നു. എല്ലാം കേട്ടശേഷം അദ്ദേഹം പറഞ്ഞു: “ഞാൻ കോഴിക്കോട് മിംസ് ആശുപത്രിയിൽ വേണ്ട ക്രമീകരണം ചെയ്യാം.” ഓപ്പറേഷൻ വിജയകരമായി നടന്നു. അമേരിക്കയിലായിരുന്ന ഉമ്മൻചാണ്ടി സുശീലയെ വിളിച്ച് ഓപ്പറേഷന്റെ പുരോഗതി അന്വേഷിച്ചറിയുന്നു. മകന് കേൾവിശക്തി തിരിച്ചുകിട്ടി ആദ്യമായി സംസാരിച്ചത് ഉമ്മൻചാണ്ടിയോടായിരുന്നു. കേൾവിയില്ലാത്ത മറ്റു കുട്ടികളെക്കൂടി അങ്ങു സഹായിക്കണമെന്ന സുശീലയുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് നൂറു ശതമാനം കേൾവിയില്ലാത്ത കുട്ടികളുടെ ചികിത്സാപദ്ധതി ഉമ്മൻചാണ്ടി പ്രഖ്യാപിച്ചത്.

എം.ബി.ബി.എസിനു ചേരാനിരുന്ന കുട്ടിയുടെ വിദ്യാഭ്യാസവായ്പ മുടങ്ങിയപ്പോൾ ആ കുട്ടിയുടെ വായ്പ മുഴുവൻ അടച്ചത് അദ്ദേഹമായിരുന്നു. സൗത്ത് ത്രിപുരയുടെ ജില്ലാകളക്ടറായ സജു വാഹിദിന് ഉമ്മൻചാണ്ടിയെക്കുറിച്ച് ഏറെ പറയാനുണ്ട്. ഐ.എച്ച്.ആർ.ഡി. എന്ന ഗവൺമെന്റുസ്ഥാപനത്തിൽ പഠിക്കുമ്പോൾ ഫീസ് നല്കാൻ തൊഴിലാളിയുടെ മകനായിരുന്ന അദ്ദേഹത്തിനു കഴിഞ്ഞില്ല. സ്കൂളിൽനിന്നു പുറത്താക്കാൻ തുടങ്ങിയ അവസരത്തിൽ അദ്ദേഹം ഒരു കത്ത് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിക്ക് അയച്ചു. പഠിക്കാനാഗ്രഹമുണ്ടെന്നും ഫീസ് അടയ്ക്കാതിരുന്നാൽ സ്കൂളിൽനിന്നു പുറത്താക്കപ്പെടുമെന്നുമായിരുന്നു കത്തിന്റെ സാരാംശം. കത്തു കിട്ടിയ ഉമ്മൻചാണ്ടി സ്കൂൾ പ്രിൻസിപ്പലിനെ വിളിച്ച് ‘സജു വാഹിദിന്റെ പണം അവിടെ എത്തിക്കും, ആ കുട്ടിയെ പഠിക്കാൻ അനുവദിക്കണം’ എന്നറിയിച്ചു. ആ തീരുമാനമാണ് വാഹിദിനു സിവിൽസർവീസിൽ ഉന്നതവിജയം നേടാൻ വഴിയൊരുക്കിയത്.

ചായ തിളപ്പിക്കുമ്പോൾ പൊള്ളലേറ്റ മകൾക്കും മൂക്കിൽ ദശ വളർന്ന കൊച്ചുമകൾക്കും ഉമ്മൻചാണ്ടിയുടെ സഹായം കിട്ടിക്കഴിഞ്ഞപ്പോഴാണ് വല്യമ്മ ഫാത്തിമാബീവിക്കു സ്ട്രോക്ക് വന്നത്. അപ്പോഴും അദ്ദേഹത്തിന്റെ കാരുണ്യസ്പർശം ഉണ്ടായി.

കോൺഗ്രസ് പ്രവർത്തകനായ ചന്ദ്രന്റെ പിതാവ് വർഷങ്ങൾക്കുമുമ്പ് രക്തം ഛർദിച്ച് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മൊബൈൽ ഇല്ലാത്ത കാലത്ത് രക്തത്തിനുവേണ്ടി ആളുകൾ പരക്കംപാഞ്ഞു. രോഗവിവരം അറിഞ്ഞെത്തിയ ഉമ്മൻചാണ്ടി ഡോക്ടറെ കണ്ട് തന്റെ രക്തമെടുത്തു ചന്ദ്രന്റെ അച്ഛനു കൊടുക്കാനാവശ്യപ്പെട്ടു.

(ശേഷം 12-ാം പേജിൽ)

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു; അന്തിമമായ തീരുമാനം കർത്താവിന്റേതത്രേ.

സുഭാഷിതങ്ങൾ 16:1

**എഡിറ്റോറിയൽ**

## മണിപ്പൂർ കലാപം

# കണ്ണീർ തുടയ്ക്കേണ്ടവർ കൈകെട്ടി ഇരിക്കുന്നുവോ?

മണിപ്പൂരിൽ കുക്കി ഗോത്രവിഭാഗക്കാരായ രണ്ടു സ്ത്രീകളെ വിവസ്ത്രരാക്കി പെരുവഴിയിലൂടെ നടത്തിക്കൊണ്ടുപോവുകയും ക്രൂരമായി പീഡിപ്പിക്കുകയും ചെയ്ത സംഭവത്തിൽ രാജ്യമാകെ പ്രതിഷേധം ഇരമ്പുകയാണ്. സ്ത്രീകൾക്കെതിരേ മേയ് നാലിനു നടന്ന ക്രൂരകൃത്യത്തിന്റെ വീഡിയോ ജൂലൈ 19 ന് സമൂഹമാധ്യമങ്ങളിലൂടെ പുറത്തുവന്നപ്പോൾ ലോകത്തിനുമുമ്പിൽ നഗ്നമാക്കപ്പെട്ടതും നാണംകെട്ടതും അക്ഷരാർഥത്തിൽ നമ്മുടെ രാജ്യമാണ്. ഭാരതസ്ത്രീത്വത്തിന്റെ പാവനത്വമാണ് അപഹരിക്കപ്പെട്ടത്. മനുഷ്യമനഃസാക്ഷിയെ മരവിപ്പിക്കുന്ന ഇത്തരം ഹീനവും പ്രാകൃതവുമായ കിരാത സംഭവങ്ങൾക്ക് ഈ ജനാധിപത്യരാജ്യത്ത് അറുതിയുണ്ടായേ പറ്റൂ. അതിന് നാടു ഭരിക്കുന്നവർ ഒന്നിച്ചുണരുകയും നിശ്ചയദാർഢ്യത്തോടെ അനീതിക്കെതിരേ പടപൊരുതുകയും വേണം.

വിദൂരസ്ഥമായ വടക്കുകിഴക്കൻമേഖലയിലെ ഒരു കൊച്ചു സംസ്ഥാനമായ മണിപ്പൂർ നിന്നു കത്താൻ തുടങ്ങിയിട്ട് രണ്ടരമാസമായിട്ടും പ്രധാനമന്ത്രിയുടെ മൗനം ഇന്ത്യാമഹാരാജ്യത്തെ വല്ലാതെ പരിഭ്രാന്തിയിലാഴ്ത്തുന്നു. അക്രമപരമ്പരയ്ക്ക് അവസാനമുണ്ടാക്കുന്നതിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അതിദയനീനമായി പരാജയപ്പെടുന്നതിൽ രാജ്യം നിരാശപൂണ്ടിരിക്കുകയാണ്.

മണിപ്പൂരിലെ മെയ്തെയ്-കുക്കി വിഭാഗങ്ങൾ തമ്മിലുള്ള വംശീയസംഘർഷവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി പുലർത്തുന്നത് കുറ്റകരമായ മൗനമാണെന്ന് പ്രതിപക്ഷവും പൊതുസമൂഹവും ആരോപിക്കുന്നു. കൂട്ടബലാത്സംഗത്തിന്റെ പശ്ചാത്തലത്തിൽ കുറ്റക്കാരെ വെറുതെവിടില്ലെന്നും അവർക്കു മാപ്പില്ലെന്നും പ്രധാനമന്ത്രി മാധ്യമപ്രവർത്തകർക്കുമുമ്പിൽ പ്രതികരിച്ചതല്ലാതെ, വംശീയ സംഘർഷത്തിന് അയവുവരുത്താനുള്ള ഒരു പരാമർശവും അദ്ദേഹത്തിൽനിന്ന് അന്നും പിന്നീടുമുണ്ടാകാത്തത് തികച്ചും നിരുത്തരവാദിത്വപരമാണ്. മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള ഒരാഹ്വാനം പോലും പ്രധാനമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകാത്തത് രാജ്യത്തെ അരക്ഷിതാവസ്ഥയിലാക്കുന്നു. ഇന്ത്യൻ പാർലമെന്റിന്റെ ഇരുസഭകളിലും ഇപ്പോൾ അലയടിച്ചുയരുന്നത് മൗനത്തിന്റെ ചങ്ങലക്കെട്ടുകളാൽ മുറിവേറ്റു പിടയുന്ന മണിപ്പൂരിന്റെ വിലാപങ്ങളും അണപൊട്ടിയൊഴുകുന്ന പ്രതിഷേധങ്ങളുമാണ്.

സ്ത്രീകളെ നഗ്നരാക്കിയതും പീഡിപ്പിച്ചതുമായ സംഭവം വേദനാജനകമാണെന്നും പ്രതികൾക്കു വധശിക്ഷ ഉറപ്പാക്കാൻ ശ്രമിക്കുമെന്നും മണിപ്പൂർ മുഖ്യമന്ത്രി ബിരേൻസിങ് പറഞ്ഞെങ്കിലും സമാനമായ നൂറുകണക്കിനു സംഭവങ്ങൾ മണിപ്പൂരിന്റെ മണ്ണിൽ അരങ്ങേറിയിട്ടുണ്ടെന്നുള്ള അദ്ദേഹത്തിന്റ വെളിപ്പെടുത്തൽ ലാഘവത്തോടെയുള്ള ഒരു സമീപനം ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടോയെന്ന സംശയം ബലപ്പെടുത്തുന്നതാണ്. ഇത്രമാത്രം പൈശാചികമായ ഒരു കൃത്യത്തെ നിസ്സാരവത്കരിക്കുന്ന പ്രതികരണം സംസ്ഥാനത്തിന്റെ ഭരണമുഖ്യനിൽനിന്നുണ്ടായത് തികച്ചും പ്രതിഷേധാർഹംതന്നെ.

മണിപ്പൂരിലെ വംശീയകലാപത്തിൽ കുക്കി - സോമി വിഭാഗത്തിൽപ്പെട്ട 27 ഗോത്രവനിതകളാണു കൊല്ലപ്പെട്ടത്. കൊല്ലപ്പെട്ടവർ ഉൾപ്പെടെ ഏഴുപേർ ബലാത്സംഗത്തിനിരയായി. കുക്കിസംഘടനകൾ പുറത്തുവിട്ട കണക്കാണിതെങ്കിലും, ഒട്ടേറെ വനിതകൾ കൂട്ടബലാത്സംഗത്തിനിരയായിട്ടുണ്ടെന്നും അപമാനഭാരവും ഭയവും മൂലം പലരും പരാതിപ്പെട്ടിട്ടില്ലെന്നും വൈപൈ സ്റ്റുഡന്റ്സ് അസോസിയേഷൻ പറഞ്ഞു. മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന കൂട്ടബലാത്സംഗത്തിന്റെ മറ്റൊരു റിപ്പോർട്ടാണ് ജൂലൈ 23 ന് ദേശീയമാധ്യമങ്ങൾ പുറത്തുവിട്ടത്. കുക്കി പെൺകുട്ടിയെ മെയ്തെയ് സായുധസംഘത്തിൽപ്പെട്ട നാലുപുരുഷന്മാർ കൂട്ടമാനഭംഗത്തിനിരയാക്കിയത്രേ. മണിപ്പൂരിലെ അമ്മമാർ എന്നറിയപ്പെടുന്ന മീരാ പൈബിസ് എന്ന സംഘടനയിൽപ്പെട്ട സ്ത്രീകളുടെ ഒത്താശയോടെയാണ് ഈ നാരകീയകൃത്യം നടമാടിയത് എന്നതാണ് ഏറെ ലജ്ജാകരം!

മണിപ്പൂർ വിഷയത്തിൽ കേന്ദ്രസർക്കാരിനെതിരേ വിശാലപ്രതിപക്ഷസഖ്യമായ 'ഇന്ത്യ' സമരം ശക്തമാക്കുന്നതും അവിശ്വാസത്തിനു തയ്യാറെടുക്കുന്നതും വരുംദിവസങ്ങളിൽ സഭയിൽ പൊള്ളുന്ന ചർച്ചകൾക്കു കളമൊരുക്കും. പ്രധാനമന്ത്രി പാർലമെന്റിൽ പ്രസ്താവന നടത്തണമെന്നുള്ള പ്രതിപക്ഷമുറവിളി രാജ്യമനഃസാക്ഷിയുടെ നിലിവിളിതന്നെയാണ്. 'ജനാധിപത്യത്തിന്റെ ശ്രീകോവിലിലെ'ന്നു പുകൾപ്പെറ്റ പാർലമെന്റ് മന്ദിരത്തിനുള്ളിൽ അതിലെ അംഗങ്ങളുടെ ആശങ്കകളെയും ആവലാതികളെയും ചെവിക്കൊള്ളാൻ പ്രധാനമന്ത്രി തയ്യാറാകുന്നില്ലെങ്കിൽ, ജനാധിപത്യഭാരതത്തിലെ അപമാനിതരായ സ്ത്രീകളുൾപ്പെടെയുള്ളവരുടെ സങ്കടക്കണ്ണീരിന്, ഇനി ആരു മറുപടി പറയും? പ്രതിഷേധാഗ്നി കത്തിപ്പടരുന്ന മണിപ്പൂരിന്റെ മുറിവുണക്കാനും സമാധാനാന്തരീക്ഷം തിരികെക്കൊണ്ടുവരാനും ഭരണകൂടത്തിന്റെ നയപരമായ ഇടപെടലുകൾ വേഗമുണ്ടാകട്ടേയെന്നു പ്രാർഥിക്കാനേ ജനമനസ്സുകൾക്കാവൂ.

# പ്രവാസികൾ നടത്തുന്നത് നവസുവിശേഷവത്കരണം

## മാർ ജോസഫ് കല്ലറങ്ങാട്ട്



*പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ രണ്ടാം വാർഷികാഘോഷങ്ങൾ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളജിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: പ്രവാസികൾ നടത്തുന്നതു നവസുവിശേഷവത്കരണമാണെന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത പ്രവാസിസംഗമം ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിങ് കോളജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. പ്രവാസജീവിതം ദൈവികപദ്ധതിയാണെന്നും ബിഷപ് പറഞ്ഞു.

പാലാ രൂപതാംഗങ്ങളായ പ്രവാസികളും പ്രവാസികളായിരുന്നവരുമടക്കം നൂറുകണക്കിന് കുടുംബങ്ങൾ പങ്കെടുത്തതോടെ സംഗമം സംഘശക്തിയുടെയും സംഘാടകമികവിന്റെയും അനുഭവമായി മാറി.

മെത്രാഭിഷേകത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന മാർ ജോസഫ് പള്ളിക്കാപറമ്പിലിനെ സംഗമത്തിൽ ആദരിച്ചു. കുടിയേറ്റമേഖലയിൽ വിശ്വാസജീവിതം കൂടുതൽ ബലപ്പെടുത്തണമെന്ന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പറഞ്ഞു. പ്രവാസജീവിതം വളർച്ചയുടെ അടയാളമാണെന്ന് അനുഗ്രഹപ്രഭാഷണത്തിൽ ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ പറഞ്ഞു.

പാലാ രൂപത മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ചു. മണിപ്പൂരിൽ ദുരിതം നേരിടുന്ന ജനങ്ങൾക്കു പിന്തുണയറിയിച്ചുള്ള പ്രമേയം കുവൈറ്റ് കോർഡിനേറ്റർ സിവി പോൾ അവതരിപ്പിച്ചു. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ, പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ, അസി.ഡയറക്ടർമാരായ ഫാ. ജോർജ് നെല്ലിക്കൽ, ഫാ. മാണി കൊഴുപ്പൻകുറ്റി, ഗ്ലോബൽ കോർഡിനേറ്റർ ഷാജിമോൻ മങ്കുഴിക്കരി, മിഡിൽ ഈസ്റ്റ് കോർഡിനേറ്റർ ജൂട്ടസ് പോൾ, റിട്ടേണീസ് പ്രതിനിധി ഡിജേഷ് ജോർജ് നെടിയാനി, മിഡിൽ ഈസ്റ്റ് സെക്രട്ടറി രജിത് മാത്യു, മിഡിൽ ഈസ്റ്റ് ട്രഷറർ സോജിൻ കെ. ജോൺ, സൗദി കോർഡിനേറ്റർ ബിനോയി സെബാസ്റ്റ്യൻ, മീഡിയ കോർഡിനേറ്റർ ലിസി കെ. ഫെർണാണ്ടസ്, യു.കെ പ്രതിനിധി റോളിൻ തോമസ്, യുഎഇ പ്രതിനിധി മാത്യു ലോന്തിയിൽ, പിഡിഎംഎ സെക്രട്ടറി ഷിനോജ് മാത്യു എന്നിവർ പ്രസംഗിച്ചു.

ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ കാർമികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയോടെയാണ് സംഗമത്തിനു തുടക്കമായത്. വിവാഹത്തിന്റെ ജൂബിലി ആഘോഷിക്കുന്നവർ, ആധ്യാത്മികതലത്തിൽ മികച്ച പ്രവർത്തനം നടത്തിയവർ, മത്സരപ്പരീക്ഷകളിലെ ഉന്നത വിജയികൾ, വിവിധ രചനാ, സാഹിത്യ മത്സരവിജയികൾ എന്നിവരെ സംഗമത്തിൽ ആദരിച്ചു. പിഡിഎംഎയുടെ സാമൂഹികപ്രവർത്തനങ്ങളുടെ ഭാഗമായി വീൽചെയർ വിതരണവും നടത്തി. കലാപരിപാടികൾ സംഗമത്തിന് ആവേശമേകി.

നോവൽ 8

തേക്കിൻകാട് ജോസഫ്




**പെ**സഹായ്ക്കു മുറിക്കാനുള്ള അപ്പം പുഴുങ്ങൽ നാണിയമ്മയെ ഏല്പിക്കാനാവില്ല. അതു സ്വയം ചെയ്യണം. ആണ്ടമ്മയും സഹായിക്കാൻ താണ്ടമ്മയും അടുക്കളയിലെത്തി. അരി പൊടിച്ചെടുത്തത് താണ്ടമ്മ അരിപ്പയിൽ തെള്ളി. അപ്പോഴേക്കും ആണ്ടമ്മ അപ്പം പുഴങ്ങാനുള്ള ചെമ്പ് കഴുകി അടുപ്പത്തുവച്ചു. മൂന്നു കിണ്ണത്തിലായി അരിമാവു കുഴച്ച് പരത്തി, താണ്ടമ്മ. അപ്പോഴേക്കും ഓശാന ഞായറാഴ്ച പള്ളിയിൽനിന്നു കിട്ടിയ കുരുത്തോല ചെറുതായി കീറി കുരിശാകൃതിയിൽ അരിമാവിനു മുകളിൽ പതിച്ചു. താണ്ടമ്മ അപ്പത്തിനൊപ്പം വേണ്ട പാലു പിഴിയാനുള്ള തേങ്ങ ചുരണ്ടി. ശർക്കരയും ചീവിയെടുത്തു. പാലുപിഴിഞ്ഞ് ശർക്കര ചേർത്ത് അത് മറ്റൊരടുപ്പിൽ വച്ചു.

നാണിയമ്മയും സഹായികളും എല്ലാം നോക്കിനില്ക്കുകയാണ്. കുരിശപ്പവും പാലും വീട്ടുകാർതന്നെ ഉണ്ടാക്കുകയാണ്. അത് വിശുദ്ധമായി ചെയ്യാനുള്ളതാണ്. മറ്റാരെയും ഏല്പിക്കാനാവില്ല.

"നാണ്യേമ്മേ! ഒരമ്പതപ്പം മധുരം ചേർത്ത് വാഴയിലയിൽ പരത്തി വേറെ ഒണ്ടാക്കണം കേട്ടോ. പുറവർക്കു കൊടുക്കാന്."

പെസഹാപ്പിറ്റേന്ന് അമ്പിട്ടന്റേം കൊല്ലന്റേം വേലന്റേം വെളുത്തേടന്റേം ആശാരീടേം പൊണ്ടാട്ടിമാർ വരും. അതവരുടെ അവകാശമാണ്. കൊട്ടാരത്തിലെ കുടികിടപ്പുകാരല്ലേ അവർ.

ഓരോ കുടീലെയും പ്രായം ചെന്നവരുടെയും കിടാങ്ങളുടെയും എണ്ണം നോക്കി ഏഴും എട്ടും പത്തുംവീതം അവർക്കു കൊടുക്കണം. അതിനാണ് കുരിശപ്പത്തിനു പുറമേ ഇലയപ്പം പുഴുങ്ങുന്നത്.


കൊട്ടാരത്തിൽക്കാര് അഞ്ചു തേങ്ങയും അഞ്ചിടങ്ങഴി അരിയും നാലഞ്ചുകിലോ കപ്പയും അമ്പതു വെള്ളിയുറുപ്പികയും എല്ലാ വേലക്കാർക്കും കുടികിടപ്പുകാർക്കും കൊടുക്കും, 'നോമ്പുവീടല്' ആഘോഷിക്കാൻ. ഇട്ടി ലൂക്കാ തരകന്റെ കാലം മുതലുള്ള പതിവാണ്. ആ പതിവ് ഇട്ടി അവിരാ തരകനും തുടർന്നു. ഇപ്പോഴിതാ മാത്തൂതരകനും.

പെസഹാവിരുന്നിന് പെൺമക്കളും അവരുടെ ഭർത്താക്കന്മാരും പിള്ളേരും എത്തിയിട്ടുണ്ട്. പിള്ളേർക്ക് വെക്കേഷനാണല്ലോ. ഇനി 'നോമ്പുവീടല്' കഴിഞ്ഞേ പോവുകയുള്ളൂ. വല്യപ്പച്ചനിൽനിന്നു കുരിശപ്പം വാങ്ങാൻ അടുത്തവർഷം സാധിക്കുമോ എന്നാർക്കറിയാം?

സന്ധ്യാപ്രാർഥനയും അത്താഴവും കഴിഞ്ഞ് എട്ടുമണിയോടെ പെസഹാവിരുന്നിന് കുടുംബാംഗങ്ങളെല്ലാവരും ഊണുമുറിയിൽ ഒത്തുകൂടി. വല്യപ്പച്ചനെ ഇയ്യോബും തൊമ്മിയും ചേർന്ന് ഒരു ചക്രക്കസേരയിലിരുത്തി ഊൺമുറിയിൽ കൊണ്ടുവന്നു. കാരണവർക്ക് തലേദിവസം പള്ളിയിൽനിന്നു വികാരിച്ചനെത്തി കുമ്പസാരവും കുർബാനയും നല്കി. വികാരിയച്ചൻ മൂന്നുമാസത്തിലൊരിക്കൽ കുമ്പസാരത്തിനായി വരുന്നതാണ്.

കാരണവർക്കുവേണ്ടി ഇയ്യോബാണ് കർത്തൃപ്രാർഥനകൾ ചൊല്ലിയത്. ചക്രക്കസേരയിലിരുന്നുതന്നെ കാരണവർ നെറ്റിയിൽ കുരിശുവരച്ച് അപ്പം മുറിച്ച് മൂപ്പുമുറയ്ക്ക് ഓരോരുത്തർക്കും നല്കി. വല്യപ്പച്ചനു സ്തുതി ചൊല്ലി കുരിശപ്പം ഏറ്റുവാങ്ങിയവർ മേശയിൽ ഗ്ലാസിലൊഴിച്ചു വച്ചിരിക്കുന്ന പാലും എടുത്തു മാറിനിന്നു ഭക്ഷിച്ചു. യേശുവിന്റെ തിരുവത്താഴത്തിന്റെ ഓർമ പുതുക്കുന്ന പെസഹാഭക്ഷണം. ചിലർ ഊൺമേശയിൽ പ്ലേറ്റിൽ ഉരിഞ്ഞുവച്ചിരിക്കുന്ന പൂവൻപഴം കൂടി എടുത്തു. താണ്ടമ്മ പുത്തൻപാനയിലെ രണ്ടുപാദങ്ങൾ ആലപിച്ചു. ഭക്തിസാന്ദ്രമായ ആലാപനം. കുട്ടികളടക്കം എല്ലാവരും വല്യപ്പച്ചന്റെ കവിളിൽ മുത്തം കൊടുത്തു. കാരണവരുടെ ജീവിതത്തിലെ അപൂർവമായ നിമിഷങ്ങൾ. ക്ഷീണിതനായ അവിരാ തരകൻ താണ്ടമ്മയുടെ ഗാനാലാപനം തീരുന്നതിനുമുന്നേ തന്റെ കിടപ്പറയിലേക്കു മടങ്ങി.

പതിവുപോലെ രാവിലെ താണ്ടമ്മ കാപ്പിയുമായി ചെല്ലുമ്പോൾ വല്യപ്പച്ചൻ എണീറ്റിട്ടില്ല. കട്ടിലിനു താഴെ തൊമ്മിയും ചുരുണ്ടുകൂടി കിടക്കുകയാണ്. സാധാരണഗതിയിൽ ഈ സമയത്ത് പ്രഭാതകൃത്യങ്ങൾക്കു ശേഷം ചാരുകസേരയിൽ വിശ്രമിക്കുകയാണു പതിവ്. ഇന്നെന്തു പറ്റി? താണ്ടമ്മ കാപ്പി മേശയിൽ വച്ചിട്ട് വല്യപ്പച്ചനെ വിളിച്ചു.



"വല്യപ്പച്ചാ! വല്യപ്പച്ചാ!" വിളി കേൾക്കുന്നില്ല.

അവൾ വീണ്ടും കുലുക്കി വിളിച്ചു.

"വല്യപ്പച്ചാ... വല്യപ്പച്ചാ... എണീക്ക്."

ഇട്ടി അവിരാ തരകൻ വിളി കേട്ടില്ല. അവൾ സംശയത്തോടെ മൂക്കിനു താഴെ കൈവച്ചു. പിന്നെ തിടുക്കത്തിൽ നെറ്റിയിൽ. അവിടെ മരവിച്ചിരുന്നു.

"ഈശോയേ..." ഒരു നിലവിളിയോടെ താണ്ടമ്മ മുറിക്കു പുറത്തേക്കോടി. അവളുടെ നിലവിളികേട്ട് തൊമ്മി പിടഞ്ഞെണീറ്റു.

ഇട്ടിമാത്തുതരകനും ആണ്ടമ്മയും അടുത്ത മുറിയിൽനിന്നിറങ്ങി വന്നു.

''നമ്മ്ടെ വല്യപ്പച്ചൻ...'' അവൾക്ക് വാക്കുകൾ മുഴുമിപ്പിക്കാനായില്ല. അവർ അപ്പന്റെ മുറിയിലേക്ക് ഓടി.

തൊമ്മിത്തരകനെ കുലുക്കി വിളിക്കുന്നു. മാത്തുതരകനും അപ്പനെ കുലുക്കി വിളിച്ചു.

"അപ്പാ... അപ്പാ... കണ്ണുതൊറക്ക്..."

ഇട്ടി അവിരാ തരകൻ കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു. 94 വർഷത്തെ ജീവിതപ്പോരാട്ടത്തിനൊടുവിൽ, ഓട്ടം പൂർത്തിയാക്കി ഇട്ടി അവിരാ തരകൻ തന്റെ സപ്രമഞ്ചക്കട്ടിലിൽ നീണ്ടുനിവർന്ന് നിശ്ചലം കിടന്നു. കണ്ണുകളടഞ്ഞ് ശാന്തമായ ഒരു ഗാഢനിദ്രപോലെ. സംതൃപ്തമായ ഒരു കുടുംബജീവിതത്തിന്റെ ശാന്തിനേരിയ മന്ദസ്മേരമായി ആ മരവിച്ച ചുണ്ടുകളിൽ ഒളിപ്പിച്ചിരുന്നു.

ആണ്ടമ്മയുടെ ഉച്ചത്തിലുള്ള കരച്ചിൽ കൊട്ടാരത്തിൽ തറവാടിനെ ഉണർത്തി. ഇയ്യോബ് ഓടി വന്നു.

താണ്ടമ്മ ഒരു വെള്ള വിരിപ്പു കൊണ്ടുവന്ന് വല്യപ്പച്ചനെ പുതപ്പിച്ചു. തലയ്ക്കൽ ഒരു കുരിശുരൂപവും ഒരു കെടാവിളക്കും വച്ചു.

ആണ്ടമ്മയും പെൺമക്കളും അവരുടെ കുട്ടികളും താണ്ടമ്മയും ചേർന്ന് ജപമാല ചൊല്ലാനാരംഭിച്ചു.

തറവാട്ടിലെ ആണുങ്ങൾ പൂമുഖത്ത് ഒത്തുകൂടി. മൃതസംസ്കാരം എന്നു വേണം?

ഇയ്യോബ് പറഞ്ഞു:

"ഇന്നു ദുഃഖവെള്ളി, നാളെ ദുഃഖശനി. പിറ്റേദിവസം ഈസ്റ്ററാ. അപ്പോഴ് നാളെ രാവിലെ പത്തുമണിയാണ് സൗകര്യം. ബന്ധുക്കൾക്ക് എത്താനും സമയം കിട്ടും. ഇപ്പോ എത്രയും വേഗം പള്ളില് വികാരിയച്ചനെ അറീക്കണം. "അങ്ങനെതന്നെ. എന്നെല്ലാവരും സമ്മതിച്ചു.

പള്ളീല് അച്ചന് കാണാന് ഇയ്യോബുതന്നെ പോട്ടെ. പൊറിഞ്ചു ഒരു കാര്യം ചെയ്യ്. 'മരിപ്പ്' അറീക്കാനൊള്ള ബന്ധുക്കടെ ലിസ്റ്റൊണ്ടാക്ക്. കുഞ്ഞുതോമായും കൂടിക്കോളൂ.

"മുറ്റത്ത് പന്തലിടണം. ഓല കെട്ടി അടീല് വെള്ളവിരിക്കണം. ചാക്കോച്ചനും കുഞ്ഞൗതയും പഷ്ണിക്കഞ്ഞീടെ കാര്യം നോക്കണം. ബന്ധുക്കള് നേരത്തേ എത്തും. കുഞ്ഞുമാണീം ലൂക്കാച്ചനും വരുന്നവരെ സ്വീകരിക്കാൻ നില്ക്കട്ടെ. കാപ്പീം മുറുക്കാനും ബീഡീമൊക്കെ ഒരുക്കണം. വേണ്ടപ്പെട്ടവർക്ക് ഒന്നിനും ഒരു മുട്ടുവരരുത്.

"മരിച്ചറീപ്പുമായ് ഇന്നുതന്നെ വേലക്കാര് ബന്ധുവീടുകളിലേക്കു പൊറപ്പെടണം."

നിർദേശം കൊടുത്തിട്ട് മാത്തൂത്തരകൻ തന്റെ അറയിലേക്കു പോയി. എല്ലാറ്റിനും പണം വേണം. തന്റെ കാൽപ്പെട്ടി തുറന്നുനോക്കി. വെള്ളിയുറുപ്പികയും നോട്ടുമായി ആവശ്യത്തിനൊണ്ട്. ശവമടക്കിനു ശേഷം ഒത്തുകൂടുന്ന ദൈവാധീനം! ഇന്നലെ തേങ്ങ വിറ്റതിന്റെ പണം കിട്ടീട്ടൊണ്ട്. കാര്യസ്ഥന്മാരിലൊരാളെ ശവപ്പെട്ടിക്കു വിടണം. മറ്റൊരാളെ കുടുംബക്കല്ലറ പുതുക്കാനും. മാത്തൂത്തരകൻ ഒരു നിമിഷം ആലോചിച്ചിരുന്നു. അപ്പൻ ഇനി ഇല്ല. അതാലോചിച്ചപ്പോൾ അയാൾക്ക് സങ്കടം വിങ്ങിപ്പൊട്ടി. തൊണ്ട കനത്തു. ഒന്നുറക്കെ കരയണം. അയാൾ അറയിൽ കയറി ആരും കാണാതെ ഏതാനും നിമിഷം തന്റെ സങ്കടം കരഞ്ഞുതീർത്തു.

തന്റെ അപ്പന്റെ 'ശവമടക്ക്' ഗംഭീരമാക്കണം. മറ്റാരും ചെയ്യാത്തവിധം. അയൽപള്ളികളിലെ 'കുരിശും കൊടേം' കൊണ്ടുവരണം. മൂന്നോ നാലോ സെറ്റ് ബാൻഡുമേളം വേണം. ഈ കരയുടെ നാഥനാണ് അരങ്ങൊഴിയുന്നത്. കൊട്ടാരത്തിൽ തറവാടിന്റെ അന്തസ്സ് നിലനിറുത്തണം.

അയാൾ നനഞ്ഞ കണ്ണുകളൊപ്പി തോളിൽ കിടന്ന കുറിയതുകൊണ്ട് മുഖം തുടച്ച്, ദൃഢനിശ്ചയത്തോടെ എണീറ്റു.

വില്ലുവണ്ടിയിൽ ഇയ്യോബിനൊപ്പം വികാരിയച്ചനും കപ്യാരും വന്നു. അച്ചൻ നേരേ വലിയ തരകന്റെ അറയിലേക്കു പോയി. വീണ്ടും എല്ലാവരും അറയിൽ ഒത്തുകൂടി.

അച്ചൻ മരിച്ചവർക്കുള്ള ഒപ്പീസ് ചൊല്ലി. കുടുംബാംഗങ്ങൾ ഒപ്പം ചേർന്നു. ഒപ്പീസുകഴിഞ്ഞ് ഒരു മിനിറ്റ് വികാരിയച്ചൻ വലിയ തരകന്റെ മുഖത്തേക്കു നോക്കി മൗനമായി നിന്നു.

"മാത്തൂച്ചാ! വിവരമറഞ്ഞ ഉടൻതന്നെ ഞാൻ അരമനേല് മെത്രാനച്ചന് ഒരു കത്ത് കൈക്കാരന്റെ കൈയില് കൊടുത്തുവിട്ടിട്ടൊണ്ട്. വലിയ തരകന്റെ ശവമടക്കിന് മെത്രാനച്ചൻതന്നെ മുഖ്യ കാർമികത്വം വഹിക്കട്ടെ."

കാപ്പികുടിക്കുന്നതിനിടയിൽ വികാരിയച്ചൻ പറഞ്ഞു: "ഇയ്യോ മെത്രാനച്ചൻ വരികയാണെങ്കില് അയൽപള്ളികളിലെ വികാരിച്ചന്മാരെക്കൂടി വിവരം അറീക്കണം."

അച്ചൻ മടങ്ങിയതിനുപിന്നാലെ ഇയ്യോബ് തന്റെ മുറിയിലേക്കു വന്നു. ഒപ്പം താണ്ടമ്മയുമുണ്ട്.

"വീട്ടില് അപ്പച്ചനേം അമ്മച്ചിയേം അറീക്കണ്ടെ."

"വേണം. നമ്മടെ വില്ലുവണ്ടീല് ആളെ വിടാം. അപ്പച്ചനും അമ്മച്ചീം ഇന്നുതന്നെ അതില് പോരട്ടെ." ഒരു പായ് കടലാസെടുത്ത് താണ്ടമ്മയുടെ കൈയിൽ കൊടുത്ത് ഇയ്യോബ് പറഞ്ഞു:

"എഴുത്."

"ഞങ്ങളുടെ പ്രിയപ്പെട്ട വല്യപ്പച്ചൻ പകലോമറ്റത്തായ കൊട്ടാരത്തിൽ ഇയ്യോ ലൂക്കാ തരകൻ മകൻ ഇയ്യോ അവിരാ തരകൻ, 94 വയസ്സ്, ഇന്നു വെളുപ്പിനു കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു. ശവസംസ്കാരം നാളെ ശനിയാഴ്ച രാവിലെ 12 മണിക്ക് ദേവമാതാപ്പള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ നടത്തപ്പെടും. തറവാട്ടിലെ ശുശ്രൂഷകൾ കൃത്യം പത്തുമണിക്ക് ആരംഭിക്കും. ബന്ധുമിത്രാദികൾ ഇതൊരറിയിപ്പായി കരുതണമെന്ന് അപേക്ഷിക്കുന്നു."

എന്ന്

കൊട്ടാരത്തിൽ ഇയ്യോ മാത്തുത്തരകൻ ഇയ്യോബ് ലൂക്കാ തരകൻ

"നിയ്യ് ഇതിന്റെ പത്തുമൂപ്പതു കോപ്പി എഴുതണം." ഒരു നോട്ടുബുക്കെടുത്തു കൊടുത്തിട്ട് ഇയ്യോബ് പറഞ്ഞു.

മുറ്റത്ത് പന്തലിന്റെ പണി തുടങ്ങിക്കഴിഞ്ഞു. കുടികിടപ്പുകാരായ ചെറുമരും മറ്റു വാല്യക്കാരും അയൽക്കാരും ചേർന്നു. പറമ്പിലെ പൊക്കം കൂടിയ കവുങ്ങുകൾ മുറിഞ്ഞുവീണു. അയൽപക്കത്തെ വീടുകളിൽ മെടഞ്ഞു സൂക്ഷിച്ചിരുന്ന ഓലക്കെട്ടുകൾ കൊട്ടാരത്തിലേക്കു വന്നു. ഇഷ്ടംപോലെ പണിക്കാർ. സന്ധ്യയാവുമ്പോഴേക്കും പന്തൽ തീരും.

*ശേഷം 13-ാം പേജിൽ*



ഡോ. ജോർജ് വർഗീസ്

**ദന്തവിദഗ്ധന്റെ ഡയറിക്കുറിപ്പുകൾ 1**

**പ്രമുഖ ദന്തചികിത്സാവിദഗ്ധനായ ഡോ. ജോർജ് വർഗീസ് തന്റെ ദീർഘകാലത്തെ അനുഭവപരിചയത്തിൽനിന്നു തിരഞ്ഞെടുത്ത ചികിത്സാ റിപ്പോർട്ടുകൾ. കോട്ടയം ഗവ. ദന്തൽകോളജ് പ്രിൻസിപ്പലും പുഷ്പഗിരി മെഡിക്കൽ കോളജ് ഡന്റൽവിഭാഗം മേധാവിയുമായിരുന്ന ഡോ. ജോർജ് വർഗീസ് ഇപ്പോൾ പുഷ്പഗിരിയിൽ ഓറൽ & മാക്സിലോഫേഷ്യൽ സർജനാണ്.**

# താടിയിൽ കുടുങ്ങിയ അണപ്പല്ല്

ഏതൊരു ഡോക്ടറുടെ ജീവിതത്തിലും അവിസ്മരണീയമായ കേസുകൾ ചികിത്സിക്കേണ്ടി വരാറുണ്ട്. ആ അനുഭവങ്ങൾ ജീവിതകാലം മുഴുവൻ മനസ്സിൽ തങ്ങിനില്ക്കും. വിദ്യാർഥികൾക്കുള്ള ക്ലാസുകളിലും ഡെന്റൽ കോൺഫെറൻസുകളിലും ഇവ ചർച്ച ചെയ്തേക്കാം. അങ്ങനെയുള്ള ചില കേസുകളാണ് ഇവിടെ പറയുന്നത്.

**മുഖത്തെ ഉണങ്ങാത്ത മുറിവ്**

ഞങ്ങളുടെ സീനിയറായി തിരുവനന്തപുരം മെഡിക്കൽ കോളജിൽ എം.ബി.ബി.എസിനു പഠിച്ചിരുന്ന (ഞങ്ങൾ ഒരേ ഹോസ്റ്റലിലാണ് താമസിച്ചിരുന്നത്) ഡോ. ബാലകൃഷ്ണൻ (പേര് സാങ്കല്പികം) എന്നെ കാണാൻ കോട്ടയം മെഡിക്കൽ കോളജിൽ വരുന്നത് 1996 ലാണ്. ഒ.പി.യിൽ വന്ന അദ്ദേഹം സ്വയം പരിചയപ്പെടുത്തി: “ജോർജ് എന്നെ ഓർക്കുന്നുണ്ടോ. ഞാൻ ബാലകൃഷ്ണൻ. നമ്മൾ ഒരേ ഹോസ്റ്റലിലാണു താമസിച്ചിരുന്നത്. ഇപ്പോൾ ആലുവ ഗവ. ആശുപത്രിയിലാണ് ജോലി ചെയ്യുന്നത്. ജോർജിന്റെ വിദഗ്ധാഭിപ്രായം അറിയുവാനാണ് ഞാൻ വന്നിരിക്കുന്നത്.”

കൂടെയുള്ള ഭാര്യയെയും പരിചയപ്പെടുത്തി. അവർ ചിരിക്കാൻ ശ്രമിച്ചെങ്കിലും, മുഖത്തു ചിരി വന്നില്ല. മുഖഭാവത്തിൽനിന്നു നല്ല മാനസികസംഘർഷം ഉണ്ടെന്നു പെട്ടെന്നെനിക്കു മനസ്സിലായി. വലത്തേ താടിയെല്ലിന്റെ കീഴെ ഒരു മുറിവ് ഡ്രസ് ചെയ്തിരിക്കുന്നതായി ശ്രദ്ധിച്ചു.

“എന്താ, ഡോ. ബാലകൃഷ്ണൻ, ഇത്രദൂരം എന്നെ അന്വേഷിച്ചുവരാൻ കാരണം? ബുദ്ധിമുട്ടു വല്ലതുമുണ്ടോ?” ഞാൻ ചോദിച്ചു.

താടിക്കടിയിലെ ഡ്രസിങ് ചൂണ്ടിക്കാണിച്ചുകൊണ്ട് എന്നോടു പറഞ്ഞു:

“ഒന്നരവർഷത്തോളമായി എന്റെ താടിയുടെ അടിയിൽനിന്നു പഴുപ്പു വരാൻ ആരംഭിച്ചിട്ട്. മരുന്നുകൾ കൂടാതെ ചെറുതും വലുതുമായ പത്ത് ഓപ്പറേഷനുകൾ വേണ്ടിവന്നു. ഒരു ഫലവുമില്ല. ഓരോന്നു കഴിയുന്തോറും ഒരാഴ്ചത്തേക്ക് പഴുപ്പു നിലയ്ക്കും. പിന്നീട് പുനരാരംഭിക്കും.” അദ്ദേഹം ഒന്നു നിറുത്തി.

ബാക്കി പറഞ്ഞതു ഭാര്യയാണ്: “അവസാനത്തെ ഓപ്പറേഷൻ ഒരു മാസം മുമ്പായിരുന്നു. സുഹൃത്തായ പ്ലാസ്റ്റിക് സർജനാണു ചെയ്തത്. രണ്ടാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും പഴുപ്പു വരാൻ തുടങ്ങി. അപ്പോഴാണ് സുഹൃത്തായ വേറൊരു ഡോക്ടർ അഭിപ്രായപ്പെട്ടത് ഒരു ഡെന്റിസ്റ്റിനെ കൺസൾട്ടു ചെയ്യാൻ. അതിനാലാണ് ഞങ്ങൾ ആലുവയിൽനിന്നു വന്നിരിക്കുന്നത്.”

സ്വരം അല്പം താഴ്ത്തി ഭാര്യ പറഞ്ഞു: “സാറേ, വേറൊന്നും തോന്നരുത്. എയിഡ്സോ കാൻസറോ മറ്റോ ആണോ എന്ന് ഞങ്ങൾക്കു ഭയമുണ്ട്. അല്ലെങ്കിൽ ഇത്രയും ചികിത്സകൾ എടുത്തിട്ടും അസുഖം മാറാതിരിക്കുമോ?”


എത്രമാത്രം മാനസികസമ്മർദം ആ കുടുംബം അനുഭവിക്കുന്നുണ്ടെന്ന് അതോടെ എനിക്കു മനസ്സിലായി.

“ഡോ. ബാലകൃഷ്ണൻ ചെയറിലിരിക്കൂ, ഞാനൊന്നു പരിശോധിക്കട്ടെ.” ഞാൻ പറഞ്ഞു.

അദ്ദേഹത്തെ പരിശോധിച്ചപ്പോൾ ഒരു കാര്യം മനസ്സിലായി. 35 കഴിഞ്ഞ അദ്ദേഹത്തിന് 32 പല്ലുകൾക്കു പകരം 31 പല്ലുകളേ മുളച്ചിട്ടുള്ളൂ. കീഴ്താടിയിലെ വലതുവശത്തെ മൂന്നാമത്തെ അണപ്പല്ല് പുറത്തേക്കു വന്നിട്ടില്ല. ഒരു പല്ലും എടുത്തുകളഞ്ഞിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. എക്സ്റേ ഉണ്ടെങ്കിൽ മാത്രമേ രോഗനിർണയം സ്ഥിരീകരിക്കാനാവൂ. അതിന് ഓർത്തോ പാന്റോമോഗ്രം എക്സ്റേ (ചുരുക്കപ്പേര് ഒ.പി.ജി.) തന്നെ വേണം. അല്ലെങ്കിൽ സി.ടി. സ്കാൻ. മെഡിക്കൽ കോളജിലോ കോട്ടയം ടൗണിലോ അന്ന് ഒ.പി.ജി. ലഭ്യമല്ല. എറണാകുളത്ത് ‘കൃഷ്ണ നഴ്സിങ് ഹോമി’ൽ മാത്രം. സി.ടി. സ്കാൻ അന്ന് വളരെ ചെലവേറിയതാണ്. അവസാനം എറണാകുളത്തുനിന്ന് ഒ.പി.ജി. എടുക്കാൻ തീരുമാനിച്ചു.

രണ്ടുദിവസം കഴിഞ്ഞ് ഡോ. ബാലകൃഷ്ണൻ ഒ.പി.ജി.യുമായി കോട്ടയത്തു വന്നു. അതിൽ കണ്ടത് ഏവരെയും അദ്ഭുതപ്പെടുത്തി. വായിലേക്ക് മുളച്ചുവരാത്ത ഒരണപ്പല്ല് താടിക്കുള്ളിൽ കുടുങ്ങിക്കിടക്കുന്നു. അതിനു ചുറ്റും ഒരു വലിയ സിസ്റ്റും!

എക്സ്റേ കണ്ടതോടെ രോഗനിർണയം എളുപ്പമായി. എല്ലാവർക്കും സമാധാനവും. തൊട്ടടുത്ത ദിവസംതന്നെ ഡോക്ടറെ ഓപ്പറേഷനു വിധേയനാക്കി. താടിയെല്ലിനു സിസ്റ്റും കൂടി ബാധിച്ചതിനാൽ ബോധം കെടുത്തിയാണ് (ജനറൽ അനസ്തേഷ്യ) ഓപ്പറേഷൻ ചെയ്തത്. പുറത്തുവരാതെ താടിയെല്ലിന്റെ ഉള്ളിൽക്കിടന്ന പല്ലും അതോടൊപ്പമുള്ള സിസ്റ്റും പൂർണായി നീക്കം ചെയ്തു. മൂന്നാംപൊക്കം രോഗിയെ ഡിസ്ചാർജ് ചെയ്തു.



ഒരാഴ്ച കഴിഞ്ഞ് ഡോ. ബാലകൃഷ്ണൻ തുടർപരിശോധനയ്ക്കായി വന്നപ്പോൾ അദ്ദേഹം നല്ല ഉന്മേഷവാനായിരുന്നു. ഭാര്യ നല്ല സന്തോഷവതിയും. താടിയുടെ അടിയിൽ പഴുപ്പു വന്നുകൊണ്ടിരുന്ന മുറിവ് അപ്പോഴേക്കും ഉണങ്ങാൻ തുടങ്ങിയിരുന്നു. ചെറിയൊരു പാടുമാത്രം.

വീണ്ടും ഒരാഴ്ച കഴിഞ്ഞപ്പോൾ നിർദേശമനുസരിച്ചു ഡോ. ബാലകൃഷ്ണൻ ചെക്കപ്പിനായി വന്നു. അപ്പോഴേക്കും താടിയുടെ അടിയിലെ പാട് പൂർണമായി മാറി. അസ്ഥിയെ ബാധിച്ചിരുന്ന സിസ്റ്റ് ഓപ്പറേഷനുശേഷം ‘ബയോപ്സി’ പരിശോധനയ്ക്കായി (സൂക്ഷ്മദർശിനി ഉപയോഗിച്ച് കോശങ്ങളുടെ പരിശോധന) അയച്ചിരുന്നു. അതിന്റെ ഫലവും അപ്പോഴേക്കും ലഭിച്ചു. മുളയ്ക്കാത്ത പല്ലുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ‘ഡെന്റിജെറസ് സിസ്റ്റ്’ എന്ന അസുഖമാണെന്ന് സംശയംവിനാ സ്ഥിരീകരിക്കപ്പെട്ടു. ഈ സന്തോഷവാർത്ത ഞങ്ങൾക്ക് ഏവർക്കും ആശ്വാസം നല്കി. *(തുടരും)*




*11-ാം പേജ് തുടർച്ച*

സന്ധ്യയായപ്പോൾ തൊട്ടടുത്ത പട്ടണത്തിൽനിന്നു വാടകയ്ക്കെടുത്ത പെട്രോമാക്സ് ലൈറ്റുകൾ പന്തലിലും പൂമുഖത്തും തെളിഞ്ഞു. അവിരാ തരകന്റെ മൃതദേഹം പെട്ടിയിലാക്കി. ഇപ്പോൾ പൂമുഖത്തുണ്ട്. ഇരുവശത്തും ഇട്ടിരിക്കുന്ന ചാരുബഞ്ചുകളിൽ പെൺമക്കളും മറ്റ് അടുത്ത ബന്ധുക്കളും താണ്ടമ്മയുടെ നേതൃത്വത്തിൽ നൂറ്റിയമ്പത്തിമൂന്നുമണി ജപം ചൊല്ലുന്നു.

കേട്ടറിഞ്ഞ അയൽക്കാരും നാട്ടുകാരും വലിയ തരകനെ ‘ഒന്നു കാണാൻ’ വന്നും പോയും ഇരിക്കുന്നു. ചിലർ പന്തലിലിരുന്ന് പിച്ചളത്തളികയിൽ വച്ചിരിക്കുന്ന വെറ്റില എടുത്ത് ഞരമ്പു കളഞ്ഞ് ചുണ്ണാമ്പുകുടത്തിൽനിന്നു ചുണ്ണാമ്പെടുത്തു പുരട്ടി നുറുക്കിയിട്ടിരിക്കുന്ന പാക്കും പുകയിലയും ചേർത്ത് നന്നായി മുറുക്കുന്നു. അതിനിടയിൽ നാട്ടുവർത്തമാനത്തിൽ മുഴുകുന്നവരെയും കാണാം.

കൊട്ടാരത്തിൽ തരകന്മാരുടെ കുടുംബചരിത്രം വിളമ്പുന്നവരും ഉണ്ട്. വലിയ തരകന്റെ അപദാനങ്ങൾ എണ്ണിപ്പറഞ്ഞ്, മുറ്റത്തിനു വെളിയിൽപോയി നീട്ടിത്തുപ്പി, വീണ്ടും കഥ തുടരുന്നവരെയും കാണാം. ബീഡി വലിക്കുന്നവർ വേലക്കാർ കൊണ്ടുവരുന്ന ‘ചുക്കുകാപ്പി’ കുടിക്കുകയും പഴംപുരാണങ്ങൾ വിളമ്പുകയും ചെയ്യുന്നുണ്ട്.

രാത്രി മുഴുവനുമിരുന്നു പാന വായിക്കാനുള്ള സംഘം പുത്തൻപാനയുടെ പുസ്തകങ്ങൾ ശേഖരിക്കുകയാണ്. അവർക്കു രണ്ടുമൂന്നു സെറ്റു തിരിഞ്ഞുവേണം പാനവായന നടത്താൻ. പുത്തൻപാന മുഴുവൻ കാണാതെ പഠിച്ചിട്ടുള്ള ചില വിദഗ്ധരും അക്കൂട്ടത്തിലുണ്ട്. അവർ മരിപ്പുവീടുകളിലെല്ലാം പോകും. ഈണത്തിൽ പാനവായിക്കും. അത്താഴത്തിനുശേഷം പാനവായന തുടങ്ങാനുള്ള ഒരുക്കത്തിലാണ് അവർ. ചിലർക്കു ചുക്കുകാപ്പിയും ചിലർക്ക് കുടിയും വേണ്ടി വരും. കാര്യസ്ഥന്മാർ ഒന്നിനും ലോഭമില്ലാതെ ഒരുക്കുന്നുണ്ട്. ഇരുട്ടിൽ ചൂട്ടുകറ്റ മിന്നിച്ച് വരുന്നവരും പോകുന്നവരും.

അകലെയുള്ള ബന്ധുജനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അവർ വന്ന കാളവണ്ടികൾ പടിപ്പുരമാളികയ്ക്കു പുറത്ത്. നുകം അഴിച്ച വണ്ടിക്കാർ കാളകളെ സ്വതന്ത്രരാക്കി അവയ്ക്ക് വൈക്കോലിട്ടുകൊടുത്തു.

സന്ധ്യയ്ക്കുമുമ്പേ ഇയ്യോയുടെ വില്ലുവണ്ടിയിൽ താണ്ടമ്മയുടെ അമ്മയും അപ്പനും എത്തിയിട്ടുണ്ട്. അവർ ഇയ്യോയുടെ മാളികപ്പുരയിൽ വിശ്രമിക്കുകയാണ്. ബന്ധുക്കാരിലെ മുഖ്യാതിഥികളാണല്ലോ അവർ. ഒന്നും അറിയാതെ ഇയ്യോ അവിരാ തരകൻ പൂമുഖത്ത് പെട്ടിയിൽ അന്ത്യനിദ്ര കൊള്ളുന്നു.

പൂഞ്ഞാർ കോവിലകത്തെ ഇളയവർമ രാജാ ഒരു അനുചരനുമൊത്ത് പല്ലക്കിൽ വന്നു. അദ്ദേഹം വലിയ തരകനെ ഒരു ചുവന്ന പട്ടു പുതപ്പിച്ചു. എന്നിട്ട് കുറേസമയം പ്രശാന്തമായ ആ മുഖത്തേക്കു നോക്കിനിന്നു.

അതിനുശേഷം കൈകൂപ്പി തൊഴുതിട്ട് അവിടെനിന്ന് നിഷ്ക്രമിച്ചു. മാത്തുതരകനെയും ഇയ്യോബ് തരകനെയും കണ്ട് അനുശോചനം അറിയിച്ച് അദ്ദേഹം മടങ്ങി.

കൃത്യം പത്തുമണിക്ക് അഞ്ചുമിനിറ്റ് ഉള്ളപ്പോൾ വികാരിയച്ചനും കപ്യാരും വന്നു. ഇപ്പോൾ അവിരാതരകന്റെ മൃതദേഹം പന്തലിലാണ്. ശവപ്പെട്ടി പൂക്കൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു. മഠത്തിലെ കന്യാസ്ത്രീമാർ കൊണ്ടുവന്നു കൊടുത്ത വെള്ളപ്പൂക്കളുള്ള മുടി ശിരസ്സിൽ. പിന്നിൽ രണ്ടു മെഴുകുതിരിക്കാലുകൾക്കു നടുവിൽ പള്ളിയിലെ പൊൻകുരിശ്.

വികാരിയച്ചൻ അവിരാതരകന്റെ അപദാനങ്ങൾ പ്രകീർത്തിച്ച് 10 മിനിറ്റു പ്രസംഗിച്ചു. അതിനുശേഷം പ്രാർഥനപ്പുസ്തകം തുറന്നു വലിയ ഒപ്പീസ് ചൊല്ലി. അനന്തരം അടുത്ത ബന്ധുക്കൾക്ക് അന്ത്യചുംബനം നല്കാവുന്നതാണെന്ന് അറിയിച്ചു.

ആണ്ടമ്മയും മാത്തുതരകനും ഏഴുമക്കളും തങ്ങളുടെ പ്രിയപ്പെട്ടവന് അന്ത്യചുംബനം നല്കി. വികാരിച്ചന്റെ നിർദേശാനുസരണം ശവസംസ്കാരത്തിൽ പങ്കെടുക്കാനെത്തിയവർ രണ്ടു വരിയായി പള്ളിയിലേക്കു നീങ്ങി. ഇയ്യോബും അവിരാതരകന്റെ സഹോദരപുത്രന്മാരും ചേർന്ന് മൃതദേഹം സംവഹിച്ച് പടിപ്പുരമാളികയ്ക്കു പുറത്ത് നിറുത്തിയിരിക്കുന്ന ശവവണ്ടിയിൽ എത്തിച്ചു.

പള്ളിപ്പുറത്തുനിന്നു വന്ന ബാന്റുമേളക്കാർ ശോകഗാന ട്യൂൺ വായിച്ചു. അനേകം മുത്തുക്കുടകളുടെയും വെള്ളിക്കുരിശുകളുടെയും അകമ്പടിയോടെ അവിരാതരകൻ ഇടവകപ്പള്ളിയിലേക്കു സാവകാശം നീങ്ങി.

പള്ളിയിൽ ചങ്ങനാശേരി രൂപതാധ്യക്ഷൻ മാർ കുര്യാളശേരി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ശവസംസ്കാരശുശ്രൂഷ നടന്നു. അവിരാതരകനെക്കുറിച്ച് മെത്രാനച്ചൻ അരമണിക്കൂർ ചരമപ്രസംഗവും നടത്തി.

സെമിത്തേരിയിലെ ഒന്നാംനിരയിലുള്ള കുടുംബക്കല്ലറയിൽ ഇയ്യോ അവിരാ തരകന്റെ മൃതദേഹം സംസ്കരിച്ചു. അവിരാ തരകനു മുന്നോടിയായി തരകന്റെ സഹധർമിണി അന്നാമ്മ തരകൻ നേരത്തേ കബറടങ്ങിയിരുന്നു.

പള്ളിമുറ്റത്ത് ദാനധർമത്തിനായി എത്തിയവരിൽ മുതിർന്നവർക്ക് 20 വെള്ളിയുറുപ്പികയും കുട്ടികൾക്ക് പത്തുറുപ്പികയും വീതം വിതരണം ചെയ്തു.

ഉച്ചയ്ക്ക് വീട്ടിൽ ‘പഷ്ണിക്കഞ്ഞി’യിൽ അയൽക്കാരും ബന്ധുമിത്രാദികളും പങ്കെടുത്തു. തൊട്ടടുത്ത സ്കൂളിൽനിന്നു കൊണ്ടുവന്ന ബെഞ്ചും ഡസ്കും പന്തലിൽ നിരത്തിയിരുന്നു. ‘പഷ്ണിക്കഞ്ഞി’ എന്നാണ് പേരെങ്കിലും ഇലയിട്ട് ഊണാണ്. നല്ല ഒന്നാന്തരം ചമ്പാവരിയുടെ ചോറ്. താണ്ടമ്മയുടെ വീട്ടിൽ നിന്നുകൊണ്ടുവന്നത്. എരിശേരി, മാങ്ങ, നാരങ്ങാ അച്ചാറുകൾ. കറിവേപ്പില മുറിച്ചിട്ട മോര്, പപ്പടം, ഉപ്പേരി അവസാനം ഒരു പഴം. വിളമ്പാൻ അയൽക്കാരും അടുത്ത ബന്ധുക്കളിലെ യുവാക്കളും. ബന്ധുക്കളും അയൽക്കാരും പിരിഞ്ഞതോടെ കൊട്ടാരത്തിൽ ബംഗ്ലാവ് ശ്മശാനമൗനത്തിലായി. അങ്ങനെ അവിരാതരകന്റെ യുഗം അവസാനിച്ചു.

(തുടരും)

Deepanalam Weekly
RNI No : 16998/68
Vol. 56 No. 22 Date of Publication 27 July 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

ലോകത്ത് എല്ലായിടത്തും
ഡിമാന്റുള്ള
ജോലിയാണോ
നിങ്ങൾ അന്വേഷിക്കുന്നത്?



2 Year Courses

Affiliated to NCVT.Govt. of India

- Electrician
- D/Civil

Approved by
Quality Council of India(QCI)

iti
Industrial Training Institute

Eligibility:10th passed

സാമ്പത്തികകാരണങ്ങളാൽ തുടർപഠനം നടത്താൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് ബഹുമാനപ്പെട്ട ഇടവക വികാരിയുടെ നിർദേശപ്രകാരം അപേക്ഷ നല്കി ട്രസ്റ്റിൽനിന്നു സൗജന്യമായും സ്കോളർഷിപ്പോടുകൂടിയും അഡ്മിഷൻ ലഭിക്കുന്നതാണ്.

St.Antony's
Institute of Engineering,Pala
Run by St.Antony's Educational & Charitable Trust

04822 212115, 81568 73517

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org